പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1723 — 3.5.2017 ൽ മറുപടിയ്ക്ക്

## അംഗപരിമിതരായ ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യവും സ്ഥലം മാറ്റവും ലഭിക്കുന്നതിന് നടപടി

ചോദ്യം — മറുപടി

ശ്രീ.വി. കെ. സി. മമ്മത് കോയ — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 16.8.99 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ താത്കാലികമായി ജോലി ചെയ്യുകയും സൂപ്പർന്യൂമററി തസ്തികയിൽ പുനർനിയമനം ലഭിച്ചുമായ അംഗപരിമിതരായ ജീവനക്കാർക്ക് ഇൻക്രിമെന്റ് ഒഴികെ യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങളും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ)16.8.99 മുതൽ 31.12.2003 വരെ കാലയളവിൽ ജോലി ചെയ്യുവരും 18.5.2013 ലെ സ.ഉ(പി) നം.40/13/സാ.നീ.വ ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ പുനർനിയമനം ലഭിച്ചുമായ അംഗപരിമിതരായ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച 3.2.2016 ലെ സ.ഉ(പി)നം.1/16/സാ.നീ.വ ഉത്തരവ് പ്രകാരം പ്രൊബേഷൻ, സീനിയോരിറ്റി, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം ഒഴികെയുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും ടി ജീവനക്കാർക്ക് അനുവദനീയമാണ്. |
| (ബി) ഓഫീസിലെ ജോലിഭാരം കണക്കിലെടുക്കാതെ നിയമനംലഭിച്ച ഈ വിഭാഗത്തിൽപെട്ട ജീവനക്കാർക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; സ്ഥലംമാറ്റ ആനുകൂല്യം ഇവർക്കും ലഭ്യമാക്കുമോ? | (ബി) ടി അംഗപരിമിത ജീവനക്കാർക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരം സ്ഥലം മാറ്റം അനുവദനീയമല്ല. എന്നിരുന്നാലും ടി വിഷയത്തിൽ അതാത് വകുപ്പിന് മാനുഷിക പരിഗണന നൽകി തീരുമാനമെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ